പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1642** **10.03.2020-ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന നിയമം ലംഘിച്ച് പണിത കെട്ടിടങ്ങളുടെ വിശദാംശം**

| ചോദ്യം<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ : | | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് പണിത കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശം സുപ്രീംകോടതിയുടെ നിർദ്ദേശ പ്രകാരം നൽകിയിട്ടുണ്ടോ;<br>(ബി) എത്ര കെട്ടിടങ്ങളാണ് നിലവിൽ നിയമം ലംഘിച്ച് പണിതതായി കണ്ടെത്തിയിട്ടുള്ളത്; | (എ) & (ബി) | ബഹു. സുപ്രീം കോടതിയുടെ MA 1808-1809/2019 In C.A. No.4784-4785/2019 കേസിലെ 23.09.2019 ലെ ഉത്തരവിൻ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കു-വാനായി 16.10.2019-ലെ G.O (Rt) No. 98/2017/Envt. പ്രകാരവും 17.10.2019-ലെ G.O (Rt) No. 101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായി 10 തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റി പരിശോധിച്ച് വരുന്നു. |
| (സി) 2011 ലെ തീരദേശ പരിപാലന സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത പട്ടിക തയ്യാറാക്കിയത് എന്നറിയിക്കാമോ; | (സി) | 28.02.2019 ന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് 2011 ലെ CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകളും 1996 ലെ തീരദേശ പരിപാലന പ്ലാനും, |

| | | | |
|---|---|---|---|
| | | | 28.02.2019 ന് ശേഷം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് 2011 ലെ CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകളും 2011 ലെ തീരദേശ പരിപാലന പ്ലാനും ആയിരിക്കും ബാധകമാവുക. |
| (ഡി) | പ്രസ്തുത നിയമത്തിൽ 2019 ൽ വരുത്തിയ ഇളവിന്റെ അടിസ്ഥാനത്തിൽ പുതിയ തീരദേശ പ്ലാനും, ഭൂപടവും തയ്യാറാക്കി കേന്ദ്ര അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ; | (ഡി), (ഇ) & (എഫ്) | 2019 ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019 ലെ സ.ഉ (സാധാ) നം. 80/19/പരി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തി പൂർത്തിയായിട്ടില്ല. അടിയന്തിരമായി പുതിയ പ്ലാൻ തയ്യാറാക്കി അനുമതിയ്ക്ക് സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്ര ഏജൻസിയായ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തെയാണോ ആശ്രയിക്കുന്നത് എന്നറിയിക്കാമോ; | | |
| (എഫ്) | ഇവരെ മാത്രം ആശ്രയിക്കുന്നത് കാലതാമസം ഉണ്ടാക്കുമെന്നതിനാൽ മറ്റ് ഏതെങ്കിലും ഏജൻസികളുടെ സഹായം കൂടി ഇക്കാര്യത്തിൽ തേടുന്ന കാര്യം പരിഗണിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**